ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ ആന്റ് ബി) നീര ഉല്പാദിപ്പിക്കാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും ഇതുവരെ ലൈസൻസ് നല്കിയിട്ടില്ല. അതേസമയം നീരയുടെ ഉല്പാദനത്തെയും അതിൽ നിന്ന് ഉല്പാദിപ്പിക്കാവുന്ന അനുബന്ധ വസ്തുക്കളേയും അതിന്റെ വിപണന സാധ്യതകളേയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതിയുടെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഒരു അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) മേൽപ്പറഞ്ഞ സമിതിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

## കൃഷിത്തോട്ടങ്ങളിലെ രോഗപ്രതിരോധത്തിനുള്ള കീടനാശിനികൾ

*11 [71] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിത്തോട്ടങ്ങളിൽ രോഗപ്രതിരോധത്തിനായി ഉപയോഗിക്കുന്ന കീടനാശിനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളിലും കോർപ്പറേഷനുകളുടെ കീഴിലുള്ള തോട്ടങ്ങളിലും ഏതൊക്കെ കീടനാശിനികളാണ് ഉപയോഗിക്കുന്നത്;

(സി) സംസ്ഥാനത്ത് കൃഷിത്തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മാരകമായ വിഷാംശമുള്ളതും നിരോധിക്കപ്പെട്ടതുമായ എൻഡോസൾഫാൻ ഉപയോഗിക്കുന്നത് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കാസർഗോഡ് ജില്ലയിൽ ഈ മരുന്ന് ഉപയോഗിച്ചതിനെത്തുടർന്ന് നിരവധി പേർ മരിക്കുകയും മാരകമായ രോഗം ബാധിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതു തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ജി) ഇപ്രകാരം രോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായവും ചികിൽസയും തുടർന്ന് ലഭിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എൻഡോസൾഫാൻ മരുന്ന് ഉപയോഗിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ നിയോഗിച്ച ഡോ. ശിവരാമൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ജെ) ഈ ശുപാർശകൾ നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) നുവാക്രോൺ, മോണോക്രോട്ടോഫോസ്, ഡൈമക്രോൺ, ഇക്കാലക്സ്, ഫുറഡാൻ, റോഗർ, കാർബാലിൽ, ഡൈമെത്തോയേറ്റ്, കോൺട്രാക്റ്റ് എന്നീ കീടനാശിനികളും ഡൈത്തേൻ, ബാവസ്റ്റിൻ, ഹീനോസാൻ, മാഗോസെബ്, ബോർഡോ മിശ്രിതം എന്നീ കുമിൾ നാശിനികളുമാണ് ഉപയോഗിക്കുന്നത്. കൂടാതെ ട്രൈക്കോ ഡെർമ പോലുള്ള ജൈവകീടനാശിനികളും ഉപയോഗിക്കുന്നു.

(ബി) നുവാക്രോൺ, മോണോക്രോട്ടോഫോസ്, ഡൈമക്രോൺ, ഇക്കാലക്സ്, ഫുറഡാൻ, റോഗർ, കാർബാറിൽ, ഡൈമെത്തോയെറ്റ്, കോൺട്രാക്റ്റ് എന്നീ കീടനാശിനികളാണ് ഉപയോഗിക്കുന്നത്.

(സി) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി ഇപ്പോൾ ഉപയോഗിക്കുന്നില്ല.

(ഡി) ശ്രീ. അച്ചുതൻ കമ്മിറ്റിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ഉപയോഗിച്ച് അന്തരീക്ഷമാർഗേനയുള്ള കീടനാശിനി പ്രയോഗം 18-2-2002-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്.)/30/02/എ.ഡി. പ്രകാരം നിരോധിച്ചിട്ടുണ്ട്. തുടർന്ന് 12-8-02-ൽ ബഹു. കേരള ഹൈക്കോടതി എൻഡോസൾഫാനും അതിന്റെ എല്ലാവിധ ചേരുവകകളും സംസ്ഥാനത്തിനുള്ളിൽ മറ്റൊരുത്തരവ് ഉണ്ടാകുന്നതുവരെ നിർത്തലാക്കിയിട്ടുണ്ട്.

(ഇ) വിവിധ മാദ്ധ്യമങ്ങളിൽ കൂടിയും സന്നദ്ധ സംഘടനകളിൽ നിന്നും റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്.

എന്നാൽ എൻഡോസൾഫാൻ ഉപയോഗം മൂലം ആളുകൾ മരിച്ചതായോ മാരകരോഗം ബാധിച്ചതായോ ശാസ്ത്രീയ പഠനങ്ങളിൽ തെളിഞ്ഞിട്ടില്ല.

(എഫ്) ശാസ്ത്രീയ പഠനങ്ങളിൽ ദോഷകരമായി തെളിഞ്ഞിട്ടില്ലെങ്കിൽ കൂടിയും കൃഷിവകുപ്പ് താഴെക്കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ശ്രീ. അച്ചുതൻ കമ്മിറ്റിയുടെ റിപ്പോർട്ടിൻ പ്രകാരം അന്തരീക്ഷ മാർഗേനയുള്ള എൻഡോസൾഫാന്റെ പ്രയോഗം സംസ്ഥാനത്ത് നിരോധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. ബഹു. കേരള ഹൈക്കോടതിയുടെ 12-8-2002-ലെ ഉത്തരവിൻ പ്രകാരം എൻഡോസൾഫാന്റെ ഉപയോഗം ഇനി ഒരുത്തരവുണ്ടാകുന്നതുവരെ നിറുത്തലാക്കി.

3. എൻഡോസൾഫാൻ പ്രയോഗം ഇപ്പോൾ ഒരു വിളയ്ക്കും കൃഷിവകുപ്പ് ശുപാർശ ചെയ്യുന്നില്ല.

4. എൻഡോസൾഫാൻ പ്രാദേശിക ഡിപ്പോകൾ വഴി വിതരണം നടത്തുന്നില്ല എന്ന് പഞ്ചായത്ത് തലത്തിലുള്ള കൃഷി ഓഫീസർമാർ പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നു.

(ജി) കൃഷിവകുപ്പ് മുഖേന നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(എച്ച്) ഉണ്ട്.

(ഐ) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ജെ) ഡോ. ശിവരാമൻ കമ്മിറ്റിയുടെ ഒരു ശുപാർശ എൻഡോസൾഫാൻ ഏരിയൽ സ്പ്രേയിംഗ് സ്ഥിരമായി നിരോധിക്കണമെന്നതാണ്. 1968-ലെ ഇൻസെക്റ്റിസൈഡ് ആക്ടിലെ 27-ാം വകുപ്പ് പ്രകാരം കീടനാശിനികളുടെ ഉപയോഗം നിരോധിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായ പരിമിത അധികാരം ഉപയോഗിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങിൽ എൻഡോസൾഫാൻ തളിക്കുന്നത് പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. 12-8-2002-ലെ ഉത്തരവു പ്രകാരം ഹൈക്കോടതിയും എൻഡോസൾഫാന്റെ ഉപയോഗം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിരോധിച്ചിട്ടുണ്ട്. ജൈവ കീടനാശിനികൾ പ്രചരിപ്പിക്കാൻ കൃഷിവകുപ്പ് നടപടിയെടുത്തിട്ടുണ്ട്. കമ്മിറ്റിയുടെ മറ്റു ശുപാർശകളിന്മേൽ വിവിധ വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

## കാവുകൾ സംരക്ഷിക്കാൻ നടപടി

*12 [72] ശ്രീ. എ. എൻ. രാജൻ ബാബു :
,, ഷിബു ബേബിജോൺ :
,, ജോണി നെല്ലൂർ :
,, കെ. കെ. ഷാജു :
,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാവുകളും മറ്റും സംരക്ഷിക്കുന്നതിനായി വനംവകുപ്പിന്റെ കീഴിൽ ഏതെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ;

†അനുബന്ധം I



LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[21-1-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം 11 (*71)-ന്റെ ഉത്തരം ദയവായി കാണുക]

**Recommendations of the Expert Committee Chaired By Dr. P. K. Sivaraman**

1. Permanent ban of Endosulphan aerial spraying.
2. Enhancement and strengthening of Medical facilities in Government Sector is required especially in the affected area of Kasaragod. Mobile teams may be posted for Medical camps in the affected area on regular basis periodically.
3. Suitable Rehabilitation measures for the handicapped may be initiated by LGS/Government or jointly. Registration of handicapped at Panchayat level is recommended for providing social assistance.
4. Monitoring of the people for similar anomalies/fresh cases in the affected area by Health workers and timely reporting to District Medical Officer of Health is also required.
5. To make it mandatory by any pesticide user agency for establishing a system of periodic monitoring of
   (a) Health Status of Workers and Public.
   (b) Environmental Monitoring.
   (c) Monitoring for similar anomalies in future in the affected area.
6. Integrated Pest Management Methods (IPM) using botanical pesticides must be popularized. This can reduce the use of chemical pesticides.
7. Technical supervision must be strengthened whenever chemicals are used.

LIBRARY ARCHIVES Kerala Legislative Assembly